# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-105** **28.11.2018-ലെ മറുപടിക്ക്**

## നോർക്ക റൂട്ട്സ്

| **ചോദ്യം**<br>ശ്രീ.ടി.വി.ഇബ്രാഹിം | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നോർക്ക റൂട്ട്സിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുകയും ഇതിൽ വിനിയോഗിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ; | (എ) കേരളീയ പ്രവാസികാര്യ വകുപ്പിന്റെ പ്രധാന പദ്ധതി നിർവ്വഹണ ഏജൻസിയായ നോർക്ക റൂട്ടസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം (2017-18) 51,79,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും, വിനിയോഗിക്കുന്നതിനായി 34,55,00,000/- രൂപ നോർക്ക റൂട്ടസിന് നൽകിയിട്ടുള്ളതും ആയതിൽ നിന്ന് 18,55,55,546/- രൂപ 2018 മാർച്ച് മാസത്തിൽ 'റിസംപ്ഷൻ' ചെയ്തിട്ടുള്ളതുമാണ്. |
| (ബി) നോർക്ക റൂട്ട്സ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (ബി) നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്;<br>(1) മടങ്ങിവരുന്ന കുടിയേററക്കാരുടെ പുനരധിവാസം (NDPREM);<br>(2) പ്രവാസികേരളീയരെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് ഓഫീസുകളും ജില്ലാ സെല്ലുകളും ശക്തിപ്പെടുത്തൽ;<br>(3) ജോബ് പോർട്ടലും ഓവർസ്സീസ് റിക്രൂട്ട്മെന്റ് പ്രോജക്ടും;<br>(4) 24 മണിക്കൂർ ഹെൽപ്പ് ലൈൻ/കാൾ സെന്റർ;<br>(5) പ്രവാസി നിയമ സഹായ സെൽ;<br>(6) സാന്ത്വന പദ്ധതി;<br>(7) പ്രവാസി മലയാളികളുടെ നൈപുണ്യം മെച്ചപ്പെടുത്തലും പുനഃസംയോജന പരിശീലനവും;<br>(8) പ്രവാസികൾക്കായുള്ള ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ;<br>(9) നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റിനും വിസാപരിശോധനയ്ക്കുമുള്ള ബോധവൽക്കരണ പരിപാടി; |

| | | | |
|---|---|---|---|
| | | | (10) വിമാനത്താവളത്തിലെ അത്യാഹിത ആംബുലൻസ് സേവനം;<br>(11) ആഗോള സാംസ്കാരികോൽസവം;<br>(12) സ്വപ്ന സാഫല്യം പദ്ധതി;<br>(13) പ്രവാസി മലയാളികളെ അടിയന്തിര സാഹചര്യത്തിൽ തിരിച്ചുകൊണ്ടുവരാനുള്ള നിധി;<br>(14) ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും, ഡാറ്റബെയ്സും;<br>(15) മാർക്കറ്റ് റിസർച്ചിനും, സ്കില്ലിംഗിനും, പ്രീ-പോസ്റ്റ് റിക്രൂട്ട്മെന്റ് സേവനങ്ങൾക്കുള്ള സംരംഭം;<br>(16) ലോക കേരളസഭ.<br><br>ഇതിൽ, 'ആഗോള സാംസ്കാരികോൽസവം' എന്ന പദ്ധതിയ്ക്ക് പ്രളയാനന്തര സാഹചര്യം കണക്കിലെടുത്ത് ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) | കഴിഞ്ഞ സർക്കാർ കൊണ്ട് വന്ന ഏതെങ്കിലും പദ്ധതികൾ ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിയ്ക്കൽ, പ്രമുഖരായ മലയാളികളുടെ ഡാറ്റബേസ് തയ്യാറാക്കൽ എന്നീ പദ്ധതികൾ. |
| (ഡി) | ഈ സർക്കാർ വന്നതിനുശേഷം നോർക്ക റൂട്ട്സിൽ പുതിയതായി കൊണ്ട് വന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ വന്നതിനുശേഷം നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>(1) വിമാനത്താവളത്തിലെ അത്യാഹിത ആംബുലൻസ് സേവനം;<br>(2) ആഗോള സാംസ്കാരികോൽസവം (ഭരണാനുമതി നൽകിയിട്ടില്ല);<br>(3) ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബെയ്സും;<br>(4) മാർക്കറ്റ് റിസർച്ചിനും, സ്കില്ലിംഗിനും, പ്രീ-പോസ്റ്റ് റിക്രൂട്ട്മെന്റ് സേവനങ്ങൾക്കുള്ള സംരംഭം;<br>(5) ലോക കേരളസഭ. |



സെക്ഷൻ ഓഫീസർ